GOVERNMENT OF KERALA

Abstract

Transport Department - Feasibility study for establishing airstrips in Idukki, Wayanad, and Kasaragod - Acceptance of Tender - Orders issued.

TRANSPORT (E) DEPARTMENT

G.O.(Ms)No.14/2025/TRANS Dated,Thiruvananthapuram, 15-06-2025

Read 1. G.O(Rt) No.377/2023/Trans dated 14.09.2023

2. Letter No.KRDCL/100/2023-SE4 dated 06.05.2025 from Kerala Rail Development Corporation Limited

ORDER

As per Government Order read as the first above, the Kerala Rail Development Corporation Ltd. (KRDCL) was authorized as the Project Management Consultancy (PMC) for selecting an agency to conduct a feasibility study for establishing airstrips in Idukki, Wayanad, and Kasaragod districts through a bidding process.

2) Subsequently, the KRDCL invited proposals for the selection of a consultant to provide consultancy services for the preparation of the Techno-Economic Feasibility Report (TEFR), and vide letter read 2nd above, the KRDCL has reported that M/s RITES-KIIFCON (Joint Venture of RITES Ltd and KIIFCON Ltd) emerged as the successful bidder in the bidding process and has requested to take a suitable decision to accept the tender placed by the successful bidder.

3) The Government examined the proposal in detail and are pleased to accept the tender submitted by M/s RITES-KIIFCON for conducting a feasibility study for the proposed airstrips in Idukki, Wayanad, and Kasaragod districts subject to the following conditions:

i. TEFR of Waterdroms shall be excluded from this study as it is not included in the 2025-26 Plan write-up.
ii. The work order shall be at the rate of 1% of the estimated cost, based on the existing DSR.
iii. After the TEFR is prepared, it shall be assessed by a competent third- party Government agency.
iv. The total cost, including GST, shall not exceed ₹4.25 Crores

4) The Kerala Rail Development Corporation Ltd., the PMC, is directed to take further steps to issue the work order to the successful bidder, M/s RITES-KIIFCON, and to ensure strict compliance with the above conditions at every stage of the project.

5) The expenditure for the above may be met from the following Heads of Account:

i. 5075-60-800-62(02) – PV: Airstrips in Wayanad
ii. 5075-60-800-62(03) – PV: Airstrips in Kasaragod & Idukki Districts.

(By order of the Governor)
K BIJU I A S
SECRETARY

To:

1. The District Collector, Idukki
2. The District Collector, Wayanad
3. The District Collector, Kasaragod
4. The Managing Director, Kerala Rail Development Corporation Ltd, Thiruvananthapuram
5. The Finance Department
6. The Principal Accountant General (Audit/A&E), Kerala, Thiruvananthapuram
7. The General Administration (SC) Department (Item no. dated)
8. Office Copy/Stock File

Forwarded /By order

Signed by
Susilkumary S
Date: 16-06-2025 10:46:58

Section Officer

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 11-06-2025

ഫയൽ നം. ഇ1/65/2023/ഗതാ. ഇനം നം: 3018

വിഷയം : ഗതാഗത വകുപ്പ് - ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലെ എയർസ്ട്രിപ്പുകളുടെ സാധ്യതാ പഠനം നടത്തുന്നതിനുള്ള വർക്ക് ഓർഡർ നൽകുന്നതിനായി, M/s.RITES-KIIFCON (JV) ക്വോട്ട് ചെയ്ത GST ഉൾപ്പെടെ ₹4.25 കോടിയുടെ ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഗതാഗത വകുപ്പ്.

3018

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്

1	ഫയൽ നമ്പർ	:	ഇ 1/65/2023/ഗതാ
2	വകുപ്പ്	:	ഗതാഗത (ഇ) വകുപ്പ്
3	വിഷയം	:	ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലെ എയർസ്ട്രിപ്പുകളുടെ സാധ്യതാ പഠനം നടത്തുന്നതിനുള്ള വർക്ക് ഓർഡർ നൽകുന്നതിനായി, M/s RITES-KIIFCON (JV) ക്വോട്ട് ചെയ്ത GST ഉൾപ്പെടെ ₹4.25 കോടിയുടെ ടെൻഡർ അംഗീകരിക്കുന്നത് - സംബന്ധിച്ച്
4	മന്ത്രിസഭ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി.	:	05.07.2024
5	(i). ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? (ii).ആണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	:	അതെ ഉണ്ട് ഉണ്ട്
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	:	ഇല്ല
7	കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്	:	ശ്രീമതി. വിജയശ്രീ. കെ.എസ്
8	കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്	:	ശ്രീ. ബിജു. കെ
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി	:	13.05.2025
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	:	ഡോ. എ. ജയതിലക്
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	:	24.05.2025
12	കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര്	:	ശ്രീ. പിണറായി വിജയൻ
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി	:	29.05.2025
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	:	02.06.2025
15	മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി	:	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും	:	

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലെ എയർസ്ട്രിപ്പുകളുടെ സാധ്യതാ പഠനം നടത്തുന്നതിനുള്ള വർക്ക് ഓർഡർ നൽകുന്നതിനായി, M/s RITES-KIIFCON (JV) ക്വോട്ട് ചെയ്ത GST ഉൾപ്പെടെ ₹4.25 കോടിയുടെ ടെൻഡർ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. ടൂറിസം, അന്തർ-ജില്ലാ വ്യോമ ഗതാഗതം പ്രോത്സാഹിപ്പിക്കുക, ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് സഹായം നൽകുക എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനത്ത് ചെലവ് കുറഞ്ഞ എയർസ്ട്രിപ്പുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്ന് 2023-24 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന്, 2023-24 ലെ ബഡ്ജറ്റിൽ ഇതിനായി നീക്കിവച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആകെ തുക (₹ലക്ഷത്തിൽ)
1.	ഇടുക്കിയിലെ വിമാനത്താവളത്തിന്റെ സാധ്യതാ പഠനം - 3075-60-800-93	200
2.	സംസ്ഥാനത്ത് ഹെലിപോർട്ടുകൾ സ്ഥാപിക്കൽ - 5053-02-190-92	50
3.	കാസർഗോഡ് എയർസ്ട്രിപ്പ് - 5075-60-800-62	126
4.	വയനാട്ടിലെ വിമാനത്താവളത്തിന്റെ സാധ്യതാ പഠനം - 3075-60-800-92	125
	ആകെ	₹ 501

2024-25 സാമ്പത്തിക വർഷത്തിലും ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിരുന്നു. ഈ സാമ്പത്തിക വർഷം ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആകെ തുക (₹ ലക്ഷത്തിൽ)
1	3075-60-800-83 - PV Proposed Airport, Kasaragod - Feasibility Study	2500
2	3075-60-800-92 - PV Proposed Airport, Wayanad - Feasibility Study	2500
3	3075-60-800-93 - PV Airport in Idukki - Feasibility Study	2500
4	5053-02-102-98 - PV Establishment of Heliports in the State	5000
5	5075-60-800-62(01) - PV, Airstrips in Idukki	2500

6	5075-60-800-62(02) - PV Airstrips in Wayanad	2500
7	5075-60-800-62(03) - PV Airstrips Kasaragod & Idukki Districts	2500

3. പ്രാദേശിക കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനായി, ചെലവ് കുറഞ്ഞ എയർസ്ട്രിപ്പുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തുന്നതിനുള്ള ഏജൻസിയെ ടെണ്ടർ നടപടിക്രമത്തിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രോജക്റ്റ് മാനേജ്മെന്റ് (PMC) ആയി G.O.(Rt)No.377/2023/TRAN ഉത്തരവ് പ്രകാരം Kerala Rail Development Corporation Ltd (KRDCL) നെ ചുമതലപ്പെടുത്തിയിരുന്നു.

4. തുടർന്ന്, ഈ പ്രോജക്റ്റിനായി ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതിന് ഒരു കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ KRDCL ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ M/s RITES-KIIFCON (JV) ടെൻഡർ നടപടിക്രമത്തിൽ വിജയിക്കുകയും താഴെപ്പറയുന്ന രണ്ട് ഓപ്ഷനുകൾ നിർദ്ദേശിക്കുകയും ചെയ്തു:

ഓപ്ഷൻ 1: ToR ന്റെ അടിസ്ഥാനത്തിൽ നിലവിൽ എത്തിച്ചേർന്നിട്ടുള്ള അന്തിമ പ്രവർത്തന പരിധിക്കുള്ള കൺസൾട്ടൻസി സേവനങ്ങൾ GST ഉൾപ്പെടെ ₹4.25 കോടി രൂപയ്ക്ക് നൽകുക.

ഓപ്ഷൻ II: ഈ എയർസ്ട്രിപ്പുകളുമായി ബന്ധപ്പെട്ട ഭാവിയിലെ കൺസൾട്ടൻസി സേവനങ്ങൾ, പ്രോജക്റ്റ് മാനേജ്മെന്റ്, DPR തയ്യാറാക്കൽ, പ്രോജക്റ്റ് എക്സിക്യൂഷൻ കൂടാതെ/അല്ലെങ്കിൽ മൂന്ന് എയർസ്ട്രിപ്പുകളിൽ ഏതെങ്കിലും ഒന്നിനും/അല്ലെങ്കിൽ ഹെലിപാഡുകൾക്കുമുള്ള മറ്റ് അനുബന്ധ ജോലികൾ M/s RITES Ltd ന്റെയും M/s KIIFCON Ltd ന്റെയും സംയുക്ത സംരംഭത്തിന് നാമനിർദ്ദേശാടിസ്ഥാനത്തിൽ നൽകുമെന്ന് ഉറപ്പ് നൽകുകയാണെങ്കിൽ, ToR ൽ നിലവിൽ എത്തിച്ചേർന്നിട്ടുള്ള അന്തിമ പ്രവർത്തന പരിധിക്കുള്ള കൺസൾട്ടൻസി സേവനങ്ങൾ GST ഉൾപ്പെടെ ₹3.25 കോടി രൂപയ്ക്ക് നൽകുക.

5. തുടർന്ന്, ഈ ഓപ്ഷനുകളിൽ ഒന്ന് സ്വീകരിക്കുന്നതിനോ ടെൻഡർ റദ്ദാക്കുന്നതിനോ ഉചിതമായ തീരുമാനം എടുക്കാൻ KRDCL ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

6. തുടർന്ന് ഫയൽ സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തോടൊപ്പം വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു.

7. ഇതനുസരിച്ച്, ഫയൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചു. ധനകാര്യ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി.

> *AD is informed that, as per G.O.(P) No. 67/2021/Fin dated 28/04/2021, maximum consultancy charges payable for preparation of DPR for any Project costing more than Rs. 5 Crores comes to @ 1.50% of estimated cost only. The scope of the work as per above GO include investigations, design, preparation of drawings, detailed estimate, technical sanction, tendering, execution of agreement, supervision, preparation and passing of contract bills, etc.*
>
> *AD is advised to ascertain the reasonableness of quoted rate of the subject work by comparing the expenditure of recently established Air Strips in the country with due consideration for the proportional scope of work as per the ToR and forward to FD with comparative statement. This has the approval of Hon'ble Chief Minister*

8. തുടർന്ന്, ചുവടെ ചേർക്കുന്ന താഴെപ്പറയുന്ന വിശദാംശങ്ങളോടെ ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് അയച്ചിരുന്നു.

2015 ഓഗസ്റ്റിലെ ഒരു സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ (MoCA) പത്രക്കുറിപ്പ് പ്രകാരം ചില ചെലവ് കുറഞ്ഞ വിമാനത്താവളങ്ങളുടെ ഏകദേശ ചെലവുകൾ ഇപ്രകാരമാണ്.

Sl. No.	Location	Estimated cost (₹ Crores)
1	Hubli, Karnataka	141.44
2	Belgaum, Karnataka	141.87
3	Kishangarh, Rajasthan	160.05
4	Jharsuguda (Odisha)	200
5	Tezu, Arunachal Pradesh	96.5
	Average	**148 cr**

മേൽപ്പറഞ്ഞ ശരാശരിയുടെ അടിസ്ഥാനത്തിൽ മൂന്ന് എയർസ്ട്രിപ്പുകളുടെ ഏകദേശ ചെലവ്, കഴിഞ്ഞ 9 വർഷത്തെ വില വർദ്ധന പരിഗണിക്കാതെ തന്നെ ₹444

കോടിയാണ്. MoCA പ്രസിദ്ധീകരിച്ച രേഖ പ്രകാരം ഒരു വാട്ടർഡ്രോമിന്റെ നിർമ്മാണച്ചെലവ് ₹33 കോടിയാണ്. എയർസ്ട്രിപ്പുകൾക്കും വാട്ടർഡ്രോമുകൾക്കും പുറമെ, ടേംസ് ഓഫ് റഫറൻസ് പ്രകാരം ഹെലിപാഡുകൾക്കുള്ള കണക്റ്റിവിറ്റിയും പരിശോധിക്കേണ്ടതുണ്ട്. G.O.(P) No. 67/2021/Fin dated 28.04.2021 ലെ ഖണ്ഡിക 7.3 ൽ പ്രോജക്റ്റ് ചെലവിന്റെ 1.5%, ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ്, ഡിസൈൻ, ഡ്രോയിംഗുകൾ തയ്യാറാക്കൽ, വിശദമായ എസ്റ്റിമേറ്റുകൾ, DPR എന്നിവയ്ക്കായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലെ അസൈൻമെന്റ്, ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടതാണെങ്കിലും ഈ കാര്യങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ പരിമിതമാണ്. കൂടാതെ, എല്ലാ നിയമപരമായ അനുമതികളും നേടുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കൽ DGOA/MoCA യുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുകയും ആവശ്യമായ അനുമതി നേടിയെടുക്കുകയും ചെയ്യുന്നത് ഈ അസൈൻമെന്റിന്റെ ഭാഗമാണ്. അതിനാൽ, ToR ൽ വ്യക്തമാക്കിയ പ്രവർത്തന പരിധിക്കുള്ള TEFR തയ്യാറാക്കുന്നതിന്, ഏറ്റവും മികച്ച വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ ചെലവിന്റെ 1% പരിഗണിച്ചിരിക്കുന്നു.

9. ഈ കാര്യങ്ങൾ പരിശോധിച്ച ശേഷം ധനകാര്യ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

A. The TEFR of waterdrome may be excluded from the TER as it is not included in the Plan Writeup and not included in the TER for the original tender

AND

B. Since the rates qouted was as per the original TER(ie without Waterdrome), FD agrees with the proposal (**Option 1**) for approval of consultancy charges for preparation of TEFR for establishing Air Strips at Kasaragod, Wynad and Idukki in favour of M/s RITES - KIIFCON Joint Venture @ 1% of estimated cost (based on prevailing DSR), duly vetted by a competent third party Govt. agency , however subject to a ceiling of Rs. 4.25 Crores including GST. This has the approval of Hon'ble Minister for Finance

10. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റിന്റെ നിർദ്ദിഷ്ട ചെലവിനെ സംബന്ധിച്ച് ശബരിമല എയർപോർട്ട് പ്രോജക്ടിനായി TEFR ഉം DPR ഉം തയ്യാറാക്കുന്ന പ്രൊപ്പോസലുമായുള്ള താരതമ്യ പഠനം ചുവടെ ചേർക്കുന്നു:

ശബരിമല വിമാനത്താവള പദ്ധതിയുടെ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി, പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും വനം വകുപ്പിൽ നിന്നുമുള്ള (MoEF) എൻവയോൺമെന്റൽ ക്ലിയറൻസ് (EC) എന്നിവ ഉൾപ്പെടെയുള്ള വിവിധ ഘട്ടങ്ങൾക്കായി കൺസൾട്ടന്റ് M/s ലൂയിസ് ബർജറിന് അനുവദിച്ച മൊത്തം തുക ഏകദേശം ₹3.98 കോടി (GST ഒഴികെ) മാത്രമായിരുന്നു. കൂടാതെ, ശബരിമല ഗ്രീൻഫീൽഡ് ഇന്റർനാഷണൽ എയർപോർട്ട് പ്രോജക്റ്റിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനും അനുബന്ധ ജോലികൾക്കുമായി M/s STUP Consultants Private Limited ന് നിശ്ചയിച്ച കൺസൾട്ടൻസി ഫീസ് ₹4.366 കോടി രൂപയായിരുന്നു. ശബരിമല വിമാനത്താവളം 1,040 ഹെക്ടർ (2,570 ഏക്കർ) വിസ്തൃതിയുള്ള ഒരു വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ പദ്ധതിയാണ്. നിരവധി DGCA മാർഗ്ഗനിർദ്ദേശങ്ങളും മറ്റ് നിയന്ത്രണ ആവശ്യകതകളും പാലിക്കേണ്ടതുണ്ടെന്നതും കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ കൺസൾട്ടൻസി ഫീസ് ന്യായമാണെന്ന് കരുതാം. നിലവിൽ പരിഗണനയിലുള്ള അതേ സംയുക്ത സംരംഭമായ M/s RITES – KIIFCON, ശബരിമല വിമാനത്താവള പദ്ധതിക്കായി M/s STUP Consultants Private Limited മായി മത്സരിച്ച ബിഡ്ഡിംഗ് പ്രക്രിയയിൽ GST ഉൾപ്പെടെ ₹14.16 കോടിയുടെ വലിയ തുക ക്വോട്ട് ചെയ്തിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

എയർസ്ട്രിപ്പുകളുടെ കാര്യത്തിൽ, കാസർഗോഡ്, ഇടുക്കി, വയനാട് എന്നിവിടങ്ങളിലെ നിർദ്ദിഷ്ട എയർസ്ട്രിപ്പുകൾ പ്രാദേശിക കണക്റ്റിവിറ്റിക്കായി ചെറിയ, സ്ഥിര ചിറകുള്ള വിമാനങ്ങളുടെ പ്രവർത്തനത്തിനും, വിമാനത്താവളങ്ങളുമായി വാട്ടർഡ്രോമുകളെ ബന്ധിപ്പിക്കുന്ന സീപ്ലെയിനുകൾ/ആംഫിബിയസ് വിമാനങ്ങൾ എന്നിവയുടെ പ്രവർത്തനത്തിനും ഉദ്ദേശിച്ചുള്ളതാണ്. Cessna 172, Piper Seneca PA-34 പോലുള്ള വിമാനങ്ങൾ ഈ

എയർസ്ട്രിപ്പുകളിൽ പ്രവർത്തിപ്പിക്കാൻ സാധ്യതയുണ്ട്. ഇതിന് 950 മീറ്ററിൽ കുറഞ്ഞ റൺവേ നീളവും ഓരോ സ്ഥലത്തും 30 ഹെക്ടറിൽ കൂടാത്ത ഭൂമിയും ആവശ്യമാണ്.

11. 2025-26 സാമ്പത്തിക വർഷം ഇടുക്കി, വയനാട്, കാസർഗോഡ് എയർസ്ട്രിപ്പുകൾക്കായി വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

Sl. No.	ശീർഷകം	2025-26 ലെ ബഡ്ജറ്റിൽ അനുവദിച്ചത്
1	5075-60-800-62(02) -PV Airstrips in Wayanad	25 ലക്ഷം
2	5075-60-800-62(03) -PV Airstrips Kasaragod & Idukki Districts	25 ലക്ഷം

തീരുമാനിക്കേണ്ട സംഗതി

1. ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിൽ നിർദ്ദേശിച്ചിട്ടുള്ള എയർസ്ട്രിപ്പുകളുടെ സാധ്യതാ പഠനം നടത്തുന്നതിനായി M/s RITES-KIIFCON സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകാമോ?
2. ഇതിനാവശ്യമായ ചിലവ് താഴെകൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ നിന്ന് വഹിക്കാവുന്നതാണോ;

    i. 5075-60-800-62(02) - PV Airstrips in Wayanad

    ii. 5075-60-800-62(03) - PV Airstrips Kasaragod & Idukki Districts.